# സ്വാമി ശരണം
# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്,
തിരുവനന്തപുരം-1, 0471-2337790

# പുനർ ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വൈക്കം ഗ്രൂപ്പിലെ തലയോലപ്പറമ്പ് ദേവസ്വം ബോർഡ് കോളേജിലെ അക്വേഷ്യ, മാഞ്ചിയം എന്നീ മരങ്ങൾ (ബോർഡ് ആർ.ഒ.സി. നമ്പർ 4245/20/എം, തീയതി 15/05/2020 ഉത്തരവ് പ്രകാരം) **16/03/2021** ഉച്ചയ്ക്ക് **3** മണിക്ക് വൈക്കം അസിസ്റ്റന്റ് കമ്മീഷണറാഫീസിൽവച്ച് പരസ്യമായി ക്വട്ടേഷൻ ചെയ്തു വിൽക്കുന്നതാണ്. പ്രസ്തുത ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം ക്വട്ടേഷൻ സമയത്തിന് മുമ്പ് 10,000/-രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളി കേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ക്വട്ടേഷൻ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ആ വ്യക്തി അപ്പോൾ തന്നെ വിളിച്ച തുകയുടെ 50% കെട്ടിവയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക ഒരാഴ്ചയ്ക്കുള്ളിൽ കെട്ടിവച്ച് ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി 10 ദിവസത്തിനകം മരങ്ങൾ വെട്ടിയെടുത്ത് നീക്കം ചെയ്യേണ്ടതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ട്മെന്റിൽ മുതൽകൂട്ടി തുടർനടപടികൾ എടുക്കുന്നതായിരിക്കും. ക്വട്ടേഷൻ നൽകുന്നയാൾ വിളിക്കുന്ന/ക്വട്ടേഷൻ നൽകുന്ന തുകയോടൊപ്പം വാണിജ്യ നികുതി വകുപ്പിൽ അടയ്ക്കേണ്ടതായ 18%(ജി.എസ്.റ്റി) നികുതിയും, ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ് ആയി ആകെ തുകയുടെ 5.25% നൽകി ദേവസ്വം ബോർഡിൽ നിന്നുതന്നെ രസീത് വാങ്ങേണ്ടതുമാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ക്വട്ടേഷ നടപടികൾ നടത്തുന്നതായിരിക്കും.തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ക്വട്ടേഷൻ വ്യവസ്ഥകളും ഈ ക്വട്ടേഷനിലും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, വൈക്കം അസിസ്റ്റന്റ് കമ്മീഷണർ ആഫീസുമായോ, തലയോലപ്പറമ്പ് ദേവസ്വം ആഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
08/03/2021

എക്സിക്യൂട്ടീവ് എഞ്ചിനീയർ
എസ്റ്റേറ്റ് ഡിവിഷൻ